# ദളിത് ക്രൈസ്തവരുടെ സംവരണത്തിന് പിന്തുണയ്ക്കുക - ബിഷപ്പ് പോന്നുമുത്തൻ

വടക്കേ അമേരിക്ക സന്ദർശിക്കുന്ന പുനലൂർ ബിഷപ്പ് ഡോക്ടർ സെൽവിസ്റ്റെർ പൊന്നുമുത്തനു ന്യൂയോർക്ക് ലാറ്റിൻ കാത്തോലിക് കമ്മ്യൂണിറ്റി ഊഷ്മളമായ സ്വീകരണം നല്കി. ന്യൂ യോർക്ക് ക്വീന്സിലെ ഔർ ലേഡി ഓഫ് ദി സ്നൌസ് പള്ളിയിൽ പ്രത്യേകം ഒരുക്കിയ ദിവ്യബലി സ്വീകരണ യോഗത്തിന്റെ ആമുഖമായിരുന്നു. ബ്രൂക്ലിൻ രൂപതയുടെ ഇന്ത്യൻ കമ്മ്യൂണിറ്റി കോ ഒർഡിനെറ്റർ ഫാദർ റോബർട്ട് അമ്പലത്തിങ്കൽ, ഫാദർ ബെനെടിക്റ്റ് പോൾ എന്നിവർ കർമ്മികർ ആയിരുന്നു.

കേരള റീജിയൻ ലാറ്റിൻ കാത്തലിക് ബിഷപ്സ് കൌണ്സിലിന്റെ പ്രൊക്ലമഷൊൻ ഓഫ് ഫൈതിന്റെ ചെയര്മാനും കേരള കാത്തോലിക് ബിഷൊപ്സ് കൌന്സിലിന്റെയും പട്ടിക ജാതി - പട്ടിക വര്ഗ്ഗ - പിന്നോക്ക സമുദായ കമ്മിഷന്റെയും ചെയര്മാനും ആയ ഡോക്ടര പൊന്നുമുത്തൻ കേരളത്തിലെ സാമൂഹിക വ്യവസ്ഥ ഇന്ത്യയിലെ പൊതുവെയും കേരളത്തിലെ പ്രത്യേകിച്ചും ദളിത് ക്രൈസ്തവരുടെ ഉയര്ച്ചയ്ക്ക് പ്രതികൂലമായി നില്ക്കുകയാണെന്ന് ചൂണ്ടിക്കാട്ടി. പട്ടികജാതി-പട്ടികവര്ഗ്ഗ- പിന്നോക്ക സമുദായങ്ങൾ ഇന്ന് കേരളത്തിന്റെ ഔദ്യോഗിക മണ്ട്ടലങ്ങളിൽ ഉന്നത സ്ഥാനങ്ങൾ വഹിക്കുമ്പോൾ ക്രൈസ്തവ മതം സ്വീകരിച്ചതിന്റെ പേരില് അവഗണനയ്ക്കും അടിച്ചമർത്തലിനും വിധേയരായി ആരാജകത്വതിന്റെയും കഷ്ട്ടപാടിന്റെയും വേദനയിൽ ആണ്. ഹിന്ദുക്കൾ അല്ലാത്തവർക്ക് സംവരണാനുകൂല്യങ്ങൾ ഇല്ലായെന്ന് 1950 ഇൽ അന്നത്തെ പ്രസിഡന്റ് രാജേന്ദ്ര പ്രസാദ് നടത്തിയ വിളംബ്ബരം ഭരണ ഘടനാപരമായ പൌരാവകാശങ്ങളെ ലങ്ഘിക്കുന്നതാണ്. ഐക്യ രാഷ്ട്ര സംഘടനയുടെ പതിനെട്ടാം വകുപ്പിൽ പ്രക്ഖ്യാപിച്ചിട്ടുള്ള മനുഷ്യാവകാശങ്ങളുദെ ലംഘനം കൂടിയാണ് ഇന്ത്യയുടെ നയമെന്ന് ബിഷപ്പ് എടുത്തു പറഞ്ഞു.

സിഖ് മതത്തിലും ബുദ്ധ മതത്തിലും ചേർന്നവർക്കു 1990 ഇൽ പ്രത്യേക സംവരണം എ്ർപ്പെടുത്തിയപ്പോൾ മുസ്ലിങ്ങളെയും ക്രൈസ്തവരേയും ഭാരത സർക്കാർ തഴയുകയായിരുന്നു. മൂന്നു കമ്മിഷനുകളും ദേശീയ നേതാക്കളും രാഷ്ട്രീയ പാർടികളും തുടർച്ചയായി ദളിത് ക്രൈസ്തവർക്ക് സംവരണത്തിനായി അഭ്യർതിക്കുന്നുണ്ടെങ്കിലും കേന്ദ്രം ഭരിച്ച യു. പി. എ - ബി. ജെ. പി. സർക്കാരുകൾ അവയെ കണ്ടില്ലെന്നും കേട്ടില്ലെന്നും നടിക്കുകയായിരുന്നു. കഴിഞ്ഞ ആറ് ദശകങ്ങളായി ഇന്ത്യയിലെ എട്ടു ശതമാനം വരുന്ന

ദളിത് ക്രൈസ്തവർ തങ്ങളുടെ ദുരവസ്ഥയിൽ നിന്നുള്ള മോചനത്തിനായി കേഴുന്നു. അവരുടെ അവകാശങ്ങൾകും ആനുകൂല്യങ്ങൾകും വേണ്ടിയുള്ള കഠിന യത്നത്തിന് സഹതാപത്തോടെയുള്ള പിന്തുണ സമൂഹത്തിൽ നിന്നും സർക്കാരിൽ നിന്നും കിട്ടേണ്ടത് അടിയന്തിരമായ ആവശ്യമാണ്.

2004 ഇൽ ആണ് കൊല്ലം രൂപത വിഭചിച്ചു പോപ് ജോണ് പോൾ രണ്ടാമൻ പുനലൂർ രൂപത സ്ഥാപിച്ചത്. രൂപതയിലെ കത്തോലിക്കരിൽ 65 ശതമാനം വിശ്വാസികൾ ദളിതുകൾ ആണ്. സാമ്പത്തികമായും വിദ്യാഭ്യാസപരമായും തൊഴിൽപരമായും അവർ പൊതു സമൂഹാവസ്ഥയിൽ വളരെ പിന്നിൽ ആണ്. അവരുടെ ശോചനീയമായ അവസ്ഥയിൽ മാറ്റം വരുത്തുന്നതിനുള്ള പോരാട്ടത്തിൽ എല്ലാവരുടെയും പിന്തുണയും പ്രാർഥനയും ബിഷപ്പ് ഡോക്ടർ പൊന്നുമുത്തൻ ആഹ്വാനം ചെയ്തു.

ന്യൂ യോർക്ക് സന്ദർശിക്കുന്നതിനു മുമ്പ് ബിഷപ്പ് ഷിക്കാഗോ, ഹ്യൂസ്റ്റൻ നഗരങ്ങളും സന്ദർശിച്ചിരുന്നു. പോപ്പ് ഫ്രാൻസിസ് വിളിച്ചുകൂട്ടുന്ന ബിഷപ്പ്മാരുടെ സിനഡിൽ പങ്കെടുക്കാൻ അദ്ദേഹം ന്യൂ യോർക്കിൽ നിന്ന് റോമിലേക്ക് പോയി.

**പോൾ ഡി പനയ്ക്കൽ**

September 29, 2015

78-31 266 സ്ട്രീറ്റ്

ഫ്ലോറൽ പാർക്ക്, ന്യൂ യോർക്ക് 11004

(718) 481 3547 (ഹോം)

(516) 732 2520 (സെൽ)